A

812

8201 ഒന്നാം പാദവാർഷിക മൂല്യനിർണയം-2017

# മലയാളം

## അടിസ്ഥാനപാഠാവലി

സ്റ്റാന്റേർഡ് VIII

സമയം :1½ മണിക്കൂർ

ആകെ സ്കോർ : 40

**പൊതുനിർദ്ദേശങ്ങൾ**

- ആദ്യത്തെ 15 മിനിറ്റ് ആശ്വാസസമയമാണ്.ചോദ്യങ്ങൾ വായിച്ച് ഉത്തരങ്ങൾ മനസ്സിൽ ക്രമീകരിക്കുന്നതിന് ഈ സമയം പ്രയോജനപ്പെടുത്തണം.
- നിർദ്ദേശങ്ങൾ ശ്രദ്ധയോടെ വായിച്ചു മനസ്സിലാക്കി ഉത്തരമെഴുതുക
- ഉത്തരമെഴുതുമ്പോൾ സമയവും സ്കോറും പരിഗണിക്കണം.

1. പ്രാണായാമ പടുക്കളായ യതിവര്യന്മാർ ജലത്തിനു മുകളിൽ നിഷ്പ്രയാസം ശയിക്കാറുണ്ട്. ഈ അരിക്കൂട്ടങ്ങൾക്കും അതു സാധിക്കും
   കഥയിലെ ഈ വാക്യം വായനക്കാരന്റെ മനസ്സിലുണർത്തുന്ന ഭാവം
   (വിസ്മയം , ക്രോധം , ഹാസ്യം , ശോകം ) 1

2. " വെറുതെ നടക്കണ്ട ........... ഇതുകൂടി കൈയിലിരിക്കട്ടെ "- അദ്ദേഹം പറഞ്ഞു
   " നടക്കുമ്പോൾ എണ്ണ തുളുമ്പിപ്പോകാതെ സൂക്ഷിക്കണം"
   ജ്ഞാനി ഇങ്ങനെ ചെയ്തതിന്റെ ഉദ്ദേശ്യം
   (ബാലനു സമ്മാനമായി എണ്ണ നൽകുക ; നടക്കുമ്പോൾ മനസ്സ് ഏകാഗ്രമാക്കുക; അവന്റെ ക്ഷമ പരീക്ഷിക്കുക; ബാലന്റെ സ്വഭാവസവിശേഷതകൾ പരീക്ഷിച്ചറിയുക) 1

3. " ദാരിദ്ര്യത്തിന്റെ മാറിലേക്ക് വീഴുന്ന വെട്ടുപോലെ തൂമ്പ അയാളുടെ കൈയിൽ നിന്ന് മുന്നോട്ടു കുതിച്ചു".
   ഈ കഥാസന്ദർഭം നൽകുന്ന ആശയസൂചന എന്ത്? 2

4. മാതൃകപോലെ ഘടകപദങ്ങളാക്കി മാറ്റിയെഴുതുക.
   മാതൃകാ - വാഴച്ചുവട്ടിൽ - വാഴ+ ചുവട്ടിൽ
   അത്യധ്വാനം -
   വാഴക്കൂട്ടം - 2

5. താഴെ കൊടുത്ത വാക്യത്തിലെ തെറ്റുകൾ പരിഹരിച്ച് ശുദ്ധമായ വാക്യമെഴുതുക.
   വേറെ ഗത്യന്തരമില്ലാത്തതുകൊണ്ടാണ് മർക്കോസുചേട്ടൻ വാഴകൾ വെട്ടാൻ ഇറങ്ങിതിരിച്ചതിനു കാരണം. 2

**6 മുതൽ 11 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 5 എണ്ണത്തിനു മാത്രം ഉത്തരമെഴുതുക . (അരപ്പുറം)** 5x4=20

6. " നിങ്ങൾ പാടിപ്പുകഴ്ത്തുന്ന ഈശ്വരന്റെ ആ കരുണയുണ്ടല്ലോ, അതെനിക്കു ബോധ്യപ്പെടുന്നത് അമ്മയുടെ മുഖമോർക്കുമ്പോഴാണ് ".
   - ടാഗോർ

"ഓണപ്പുലർച്ചയിൽ കുരിരുൾനീക്കിയെൻ
വീടിന്നകത്തമ്മ വന്നുദിക്കും
മാലറ്റുപോകും, വരും വർഷ മക്ഷയ
ശ്രീയാം വലത്തുകാൽ വച്ചുകേറും"

- വിജയലക്ഷ്മി

ടാഗോറിന്റെയും കവയിത്രിയുടെയും മാതൃസങ്കല്പം താരതമ്യം ചെയത് കുറിപ്പ് തയാറാക്കുക.

7. "എന്റെ മോളെ , നല്ലൊരു നോമ്പായിരുന്നു. കഞ്ഞിവെള്ളത്തിനു പകരം സൂപ്പാണല്ലോ കുടിക്കുന്നത് "
പിതാവിന്റെ താമാശകേട്ട് റാഹേൽ ചിരിച്ചു പോയി.

ഈ സന്ദർഭത്തിലെ ചിരി കണ്ണീരിന്റെ നനവുള്ള ചിരിയായിത്തീരുന്നുണ്ടോ? പ്രതികരണക്കുറിപ്പ് തയാറാക്കുക.

8. "മനസ്സുമുഴുവൻ സ്പൂണിലെ എണ്ണയായിരുന്നു. അതെങ്ങാൻ തുളുമ്പിപ്പോയാലോ? അവൻ വാസ്തവം തുറന്നുപറഞ്ഞ് കുറ്റസമ്മതം നടത്തി ".
കച്ചവടക്കാരന്റെ മകന് ഇങ്ങനെ ചെയ്യേണ്ടി വന്ന സാഹചര്യം വ്യക്തമാക്കുന്ന കുറിപ്പ് തയാറാക്കുക.

9. "എന്റെ പിതാവിനും രോഗമുണ്ട്. അദ്ദേഹത്തെക്കൂടെ നിങ്ങൾ വെട്ടിമൂടുക"
ഒരു സിംഹിയെപ്പോലെ തന്റേടത്തോടെ റാഹേൽ പറഞ്ഞു-
റാഹേൽ എന്ന കഥാപാത്രത്തിന്റെ സ്വഭാവസവിശേഷത വ്യക്തമാകുന്ന സന്ദർഭങ്ങളിലൊന്നാണ് മുകളിൽ സൂചിപ്പിച്ചത്. ഉചിതമായ മറ്റു കഥാ സന്ദർഭങ്ങൾകൂടിപ്പരിഗണിച്ച് റാഹേലിനെക്കുറിച്ച് കഥാപാത്ര നിരൂപണക്കുറിപ്പ് തയാറാക്കുക.

10. "ആരോടുമില്ലാവഴക്കെന്നുപുഞ്ചിരി-
ച്ചാരോടും കൂടി നടന്നകാലം ".-

കവയിത്രി ഇവിടെ സുചിപ്പിക്കുന്ന കാലം ഏതാണ്? അക്കാലത്തെക്കുറിച്ച് എന്തെല്ലാം ഓർമ്മകളാണ് കവയിത്രിയുടെ മനസ്സിൽ തെളിയുന്നത്? ലഘുകുറിപ്പ് തയാറാക്കുക.

11. അരി തരാനില്ലെങ്കിൽ എല്ലാത്തിനും വിഷംതന്ന് അങ്ങ് കൊന്നേക്കട്ടെ. എന്നാൽ ബുദ്ധിമുട്ടില്ലല്ലോ. ഈ പത്തും മൂവായിരവുമൊക്കെ മേടിക്കുന്നവർക്ക് അറിഞ്ഞുകൂടായിരുന്നോ ക്ഷാമംവരാൻപോകുന്നത്.

മർക്കോസുചേട്ടൻ അരിശം കൊള്ളുന്നത് കാർഷികസംസ്കാരത്തിൽനിന്നും അകലുന്നവരോടുകൂടിയാണോ? നിങ്ങളുടെ പ്രതികരണം വ്യക്തമാക്കുന്ന കുറിപ്പ് തയാറാക്കുക.

12 മുതൽ 14 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിനു മാത്രം ഉത്തരമെഴുതുക . (ഒരുപുറം) $2 \times 6 = 12$

12. " ഒരാളെ വിശ്വസിക്കുന്നതിനു മുമ്പ് അവന്റെ ചുറ്റുപാടുകൾ ശരിയായി മനസ്സിലാക്കിയിരിക്കണം".
" ഈ ലോകത്തിലെ സുഖങ്ങളും സൗഭാഗ്യങ്ങളും ആവോളം ആസ്വാദിച്ചോളു. അപ്പോഴും കൈവശമുള്ള കരണ്ടിയും അതിലെ രണ്ടു തുള്ളി എണ്ണയും മനസ്സിലുണ്ടായിരിക്കണം"

ജ്ഞാനിയുടെ ഈ ഉപദേശങ്ങളുടെ പൊരുളന്താണ്? ഇവയുടെ കാലിക പ്രസക്തി വ്യക്തമാക്കുന്ന ലഘൂപന്യാസം തയാറാക്കുക.

13. " പഴയകാല കാർഷിക ജീവിതത്തിന്റെ പൊള്ളുന്ന അനുഭവപാഠങ്ങൾ പകർന്നുതരുന്ന കഥയാണ് 'ആ വാഴവെട്ട്'
ഈ അഭിപ്രായം മുൻനിർത്തി കഥാനിരൂപണക്കുറിപ്പ് തയാറാക്കുക.

14. ഓണവും പൂവും മറന്നമലയാളി കേരള സംസ്കാരത്തെത്തന്നെയാണ് മറക്കുന്നത്. ഈ വിഷയത്തെ മുൻനിർത്തി ഉചിതമായ മുഖപ്രസംഗം (എഡിറ്റോറിയൽ) തയാറാക്കുക.

---